വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2024
മാർച്ച് 24

ഓശാന ഞായർ (നോമ്പ് ഏഴാം ഞായർ)

നിനക്കൊരു രാജകീയ സ്വീകരണം

ഉത്പ 49:8 – 12, 22 – 26; സഖ 9:9 – 12; റോമാ 11:13 – 24; മത്താ 21:1 – 17

ഏതൊരു ഘോഷയാത്ര കാണുമ്പോഴും നമ്മൾ അതിലെ മുഖ്യ കഥാപാത്രമെന്നു നാം കരുതും. അവാർഡ് നൽകപ്പെടുന്ന വേദികളിലെ സദസിലിരിക്കുമ്പോഴും, അവാർഡ് വാങ്ങിയിട്ട് പറയുന്ന ഒരു മറുപടി പ്രസംഗം നമ്മൾ മനസ്സിൽ ഒരുക്കി കൊണ്ടിരിക്കുന്നുണ്ടാവും. ഫുട്ബോൾ കളി നടക്കുമ്പോൾ ചിലരുടെ പുറം കളി കണ്ടിട്ടില്ലേ, താൻ തന്നെയാണ് കളി ക്കാരൻ എന്ന് കരുതി ചില ആംഗ്യങ്ങ ളും, കസർത്തുകളും കാണിക്കുന്നത്? വേറൊരർത്ഥത്തിൽ പറഞ്ഞാൽ ആഘോഷിക്കപ്പെടുന്ന ഇടങ്ങളിലെ കേന്ദ്ര കഥാപാത്രമാകാൻ എല്ലാവരു ടെയും മനസ് കൊതിക്കുന്നുണ്ട്.

ഫുട്ബോൾ കളിയുടെ ഹൈ ലൈറ്റ്സ് മാത്രം കാണുന്ന പോലെ യാണ് ഇടക്കൊക്കെ ജീവിതം. ഗോളടി ക്കുന്നതും വിജയം ആഘോഷിക്കുന്ന തും കാണുമ്പോൾ, ആ വിജയത്തിന്റെ ലഹരി നമ്മിലേക്ക് അറിയാതെ പടരും. പക്ഷെ ആ കളിക്കാരൻ, ആ കളിയിൽ ഗോളടിക്കാൻ എത്തിയതുവരെ എടുത്ത കഷ്ടപ്പാടുകൾ തിരിച്ചറിയപ്പെടാതെ പോകുന്നു, അല്ലെങ്കിൽ മറന്നു പോകുന്നു. ജനങ്ങളുടെ ആരാവ ങ്ങളേറ്റ് എഴുന്നള്ളി വരുന്ന കർത്താവിനെയാണ് നാം കാണുന്നത്, അവിടേക്കെത്തുവാൻ യേശുക്രിസ്തു നടന്നുകയറിയ കഷ്ടപ്പാടുകളും, അപമാനങ്ങളും, തിരസ്കരിക്കലുകളും വിസ്മരിക്കപ്പെടുന്നു. തന്റെ ഇഹ ലോകജീവിതം കൊണ്ട് ചെയ്ത തീർക്കേണ്ട കടമകൾ ഈ ഭൂമിയിൽ ചെയ്തു കഴിഞ്ഞപ്പോഴാണ് കർത്താ വിനു ജയ് വിളിക്കാൻ ജനം മുന്നോട്ട് വരുന്നത്. നിശ്ചയദാർഢ്യത്തോടെ, ഉത്തമ ബോധ്യത്തോടെ തങ്ങളുടെ കടമകൾ ചെയ്തീർക്കുന്നവർക്കു, അവർ എത്ര സങ്കടക്കടൽ നീന്തി കടന്നവരായാലും ഒരു രാജകീയ സ്വീക രണം കാത്തിരിപ്പുണ്ട്. അത് എവിടെ യെന്നോ എപ്പോഴേന്നോ, പറയാനാ കില്ലെന്നു മാത്രം.

ജയ് വിളിക്കപ്പെടുന്നവന്റെ ഉത്തരവാദിത്വങ്ങൾ

ഓശാന വിളിക്കപ്പെടുന്നവരുടെ ദൗത്യത്തെകുറിച്ചാണ് ക്രിസ്തു ഉടനെ തന്നെ വെളിവാക്കുന്നത്. റോമാ സമ്രാജ്യത്തിന്റെ അടിമത്തത്തിൽ നിന്നും തങ്ങളെ മോചിപ്പിക്കാൻ ഒരാൾ

ഡോ. പി. വി. ബൈജു

വരും എന്ന് കാത്തിരുന്ന യഹൂദ ജനത, തങ്ങളുടെ രാഷ്ട്രീയ വിമോചകൻ ആയിക്കൂടിയാണ് യേശുവിനെ കാണുന്നതും, കുരുത്തോലകൾ നിരത്തി വരവേൽക്കുന്നതും. ജനങ്ങൾക്ക് പ്രതീക്ഷയും, പ്രത്യാശയും വിമോചനവും വാഗ്ദാനം ചെയ്യുന്നവരെ ജനങ്ങൾ രാജകീയമായി സ്വീകരിക്കുന്ന, ചരിത്രാതീതകാലം മുതൽ നിലനിൽക്കുന്ന, മനുഷ്യസമൂഹത്തിന്റെ സ്വഭാവം ആണത്. ഹോസാന എന്ന വാക്കിന്റെ അർത്ഥം തന്നെ, 'ദൈവമേ ഞങ്ങളെ രക്ഷിക്കൂ' എന്നാണല്ലോ. തങ്ങൾ കാത്തിരിക്കുന്ന രക്ഷകൻ ആണ് വന്നിരിക്കുന്ന തെന്ന ഉറപ്പിലാണ് ജനങ്ങൾ കർത്താവിന്റെ പിന്നാലെ കൂടുന്നത്.

എന്നാൽ ജനങ്ങൾ ആഗ്രഹിച്ച പോലുള്ള ഒരു രക്ഷപ്പെടുത്തലല്ല, മതപരമായും രാഷ്ട്രീയമായും കർത്താവ് ചെയ്തത്. കണ്ണിനു മുന്നിൽ നടക്കുന്ന അനീതിക്കെതിരെ, ഭവിഷ്യത്തുകൾ നോക്കാതെ പ്രതികരിക്കുന്ന കർത്താവിനെയാണ്, ആർപ്പുവിളികളോടെ ആനയിക്കപ്പെട്ട കർത്താവിൽ ജനങ്ങൾ കാണുന്നത്. അനീതിക്കെതിരെ പ്രതികരിക്കുന്നതിനു മുൻപ് സ്വന്തം നിലനില്പും, അധികാരികളെ പ്രീതിപ്പെടുത്തലും ഉറപ്പുവരുത്തുന്ന ഇന്നത്തെ കാലത്തെ കപടരക്ഷകർ കണ്ടുപഠിക്കേണ്ട പാഠം തന്നെയാണ് രണ്ടായിരം വർഷം മുൻപ് നടന്ന ഹോസാന യാത്രയും, ദേവാലയം ശുദ്ധമാക്കലും.

ഓശാന ദിവസത്തെ കഴുത

യേശുവിനെ ചുമന്ന കഴുതക്കുട്ടിയെക്കുറിച്ചു ഒരു കഥ ഇങ്ങനെയാണ്. ആളുകളുടെ ആരവമൊക്കെയേറ്റ്, ജനമധ്യത്തിലൂടെ ഇങ്ങനെ നടന്നു നീങ്ങിയപ്പോൾ താൻ എന്തോ മഹാ സംഭവമാണെന്ന് ആ കഴുതക്കുട്ടിക്കു തോന്നി. പിറ്റേന്ന് കഴുതക്കുട്ടി തന്റെ അമ്മയോട്, ഇന്നും ആ തെരുവിൽ പോയി ഒന്ന് കറങ്ങിക്കോട്ടെയെന്നുചോദിച്ചു. തലേന്നത്തെ പോലെ ആളുകൾ തന്നെ എഴുന്നള്ളിച്ചു കൊണ്ട് നടക്കും എന്നാണ് ആ കഴുതക്കുട്ടി കരുതിയത്. എന്നാൽ വിവേകിയായ അതിന്റെ അമ്മ പറഞ്ഞു, 'നിന്റെ പുറത്തിരിക്കുന്ന ആളില്ലെങ്കിൽ നീ ഒന്നുമല്ല. നിന്നെയല്ല നിന്റെ പുറത്തിരിക്കുന്ന ആളിനെയാണ് ആളുകൾ ജയ് വിളിക്കുന്നത്'. കഴുതക്കുട്ടി, ഇത്തിരി പ്രയാസത്തോടെ അന്ന് തെരുവിലേക്ക് പോകാതെ അമ്മയോട് പിണങ്ങി വീട്ടിലിരുന്നു. അഞ്ചു ദിവസം കഴിഞ്ഞപ്പോൾ, തെരുവിൽ വീണ്ടും ഒത്തിരി ജനങ്ങളുടെ ആരവം കേട്ടു. അമ്മയുടെ എതിർപ്പിനെ അവഗണിച്ചു കഴുതക്കുട്ടി തെരുവിലേക്കോടി. ദുഃഖവെള്ളിയാഴ്ച യേശുവിനെ കുരിശിൽ തറക്കാൻ കൊണ്ടുപോകുന്ന യാത്ര ആയിരുന്നു അത്. യേശു യാത്ര ചെയ്ത കഴുതക്കുട്ടിയ കണ്ട പാടെ പട്ടാളക്കാർ അതിനെ പിടിക്കാൻ ഓടി വന്നു. ജീവനും കൊണ്ട് ഓടി വീട്ടിലെത്തിയ കഴുതക്കുട്ടിക്ക് അപ്പോഴാണ്, താനല്ല, താൻ വഹിച്ച ആളുടെ മഹത്വം മൂലമാണ് തന്നെ ആളുകൾ ആർപ്പു വിളിച്ചു ആനയിച്ചതെന്നു മനസിലായത്.

ഓരോ പദവിയിലും ഇരിക്കുന്ന ആളുകൾക്കു പറ്റുന്ന മഠയത്തരം തന്നെയാണ് കഴുതക്കുട്ടിക്കും പറ്റുന്നത്. താനിരിക്കുന്ന സ്ഥാനത്തിന്റെ മഹത്വം കൊണ്ടാണ് ആളുകൾ തന്നെ ബഹുമാനിക്കുന്നതെന്നു തിരിച്ചറിയാൻ പറ്റാതെ, ഇരിക്കുന്ന സ്ഥാനത്തിന്റെ അധികാരത്തിൽ കണ്ണുമഞ്ഞി ഈ കഴുതക്കുട്ടിയെപോലെ പോലെ പെരുമാറുന്നവർ രാഷ്ട്രീയത്തിലും, ഉദ്യോഗസ്ഥ വൃന്ദങ്ങളിലും, പുരോഹിതരിലും, അധ്യാപകരിലും ഒക്കെ ഉണ്ട്. അധികാരത്തിലിരിക്കുമ്പോൾ വീമ്പു കാണിക്കുന്ന ചിലരെ റിട്ടയർ ചെയ്തു കഴിഞ്ഞാൽ ആരും വകവെക്കില്ല എന്ന് നാട്ടു ഭാഷയിൽ പറയാറുണ്ട്. ഏതു അധികാരത്തിലിരിക്കുമ്പോഴും, പദവിയെയാണ് ഞാനെന്ന വ്യക്തിയെ അല്ല മറിച്ച്, കയ്യാളുന്ന പദവിയെയാണ് ആളുകൾ ആദരിക്കുന്നതെന്ന ചിന്ത വേണം. എന്നാൽ ചില വ്യക്തികൾ പദവികൾക്കും മുകളിലായി വ്യക്തിപ്രഭാവം സൃഷ്ടിച്ചവരാണ്. അവർ ഏതു പദവിയിൽ ഇരുന്നാലും, ആ പദവി കൂടുതൽ മനോഹരമാകും. വേറൊർത്ഥത്തിൽ പറഞ്ഞാൽ അവർ ക്രിസ്തുവിനെപ്പോലെയാണ്, ഏതു കഴുതപ്പുറത്തിരുന്നാലും ആദരിക്കപ്പെടുന്ന വ്യക്തിത്വമാണവരുടേത്. ക്രിസ്തു ഏതു കഴുതപ്പുറത്ത് കയറിയാലും, ക്രിസ്തുവിനാൽ ആ കഴുത കൂടി ആദരിക്കപ്പെടുന്നതുപോലെ തന്നെ. നമ്മിൽ ക്രിസ്തുവിന്റെ നന്മയും അനുകമ്പയും ഉള്ളപ്പോൾ, എവിടെയും അംഗീകരിക്കപ്പെടുക തന്നെ ചെയ്യും. ഏതു അധികാരത്തിലിരിക്കുമ്പോഴും, തന്റെ നന്മയും, കരുണയും, കരുതലും കൊണ്ട് മനുഷ്യനെ നേടുന്നവർക്കേ, അധികാരം പോയിക്കഴിയുമ്പോഴും സമൂഹത്തിൽ തല ഉയർത്തിപിടിച്ചു നടക്കാനാവൂ.

പ്രതീക്ഷയുടെ വിശുദ്ധവാരം

പ്രതീക്ഷയുടെയും, പ്രത്യാശയുടെയും ഒരു വാരം കൂടിയാണ് ഈ കുരുത്തോല തിരുന്നാൾ മുതൽ ആരംഭിക്കുന്നത്. വിശുദ്ധ വാരത്തിന്റെ തിരുക്കർമ്മങ്ങളിൽ പങ്കെടുക്കുക എന്നത് ചെറുപ്പം മുതലേ നമ്മൾ ചെയ്യുന്ന കാര്യമാണ്. ദേവാലയത്തിലെ ശുശ്രൂഷകളെക്കുറിച്ചു നമ്മൾ ഓർമിക്കുമ്പോൾ നമ്മുടെ മനസിലേക്ക് ഓടിവരുന്നതു കുരുത്തോല പിടിച്ചുള്ള പ്രദിക്ഷണവും, പെസഹാവ്യാഴാഴ്ചയിലെ കാലുകഴുകൽ ശുശ്രൂഷയും, ദുഖവെള്ളിയിലെ നഗരി കാണിക്കലും, ഈസ്റ്ററിലെ ഉയിർപ്പും മറ്റുമാണ്. വിശുദ്ധവാരത്തിലെ ഒരു കുമ്പസാരവും, വീട്ടിലെ അപ്പം മുറിക്കലും, ദു:ഖവെള്ളിയാഴ്ചയിലെ പള്ളിയിൽ പോക്കും നമുക്ക് മുടക്കാനാവാത്തതാണ്. ദൂരങ്ങളിൽ ആയിരിക്കുന്നവർ ഈ ദിവസങ്ങളിൽ കുടുംബത്തോടൊപ്പം ആകാൻ ഓടിയെത്തുന്നു. രണ്ടായിരം വർഷങ്ങൾക്കു മുൻപ് ഈ ഭൂമിയിൽ ജീവിച്ചിരുന്ന ഒരാളുടെ ജീവിത ത്തിന്റെ ഓർമ നമ്മൾ എല്ലാവർഷവും സ്മരിക്കുന്നത്, യേശുക്രിസ്തു ഇന്നും എത്രമാത്രം നമ്മെ സ്വാധീനിക്കുന്നു എന്നതിന്റെ തെളിവാണ്. ആ രക്ഷകന്റെ ഓർമയും, ജീവിതവും, നന്മയും എന്നും നമ്മളെ നയിക്കുമാറാകട്ടെ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com